**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5531** | **24-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പാലാ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനിൽ പ്രവർത്തനക്ഷമമല്ലാത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാഹനങ്ങൾ ലേലം ചെയ്തുമാറ്റി പുതിയവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ഗ്യാരേജിൽ സൂക്ഷിച്ചിരിക്കുന്ന ഏക വാഹനം നിരാകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കടുത്ത വരൾച്ച ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ എഫ്.ആർ.വി., ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ പ്രവർത്തനസജ്ജമല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വാഹനങ്ങൾ ഇൻഷ്വറൻസ് കവറേജ് സഹിതം പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പാലാ നിലയത്തിലെ എഫ്. ആർ.വി, ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ നിലവിൽ ഇൻഷ്വറൻസ് കവറേജ് സഹിതം പ്രവർത്തനസജ്ജമാണ്. |
| (സി) | പാലാ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ എത്ര ഡ്രൈവർ തസ്തികയാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്നും ഒഴിവുള്ളവ നികത്താൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (സി) | 8 തസ്തികകൾ നിലവിലുണ്ട്. 5 പേർ സേവനം അനുഷ്ഠിക്കുന്നു. നിലവിലുള്ള 3 ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ